വെക്കാവുന്നതല്ലേയുള്ളൂ?' ഏതാണ്ട് ഇതായിരുന്നു ഈ മനോഭാവത്തിന്റെ പ്രകടനരൂപം.

ഇപ്പോൾ പ്രസിദ്ധരായ ഡോക്ടർമാർതന്നെ മറിച്ചു ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്, 'എന്തിന്?' എന്ന ചോദ്യം അവരിൽനിന്നും ഉയർന്നു തുടങ്ങിയിരിക്കുന്നു. ഇതുമൂലം മെഡിക്കൽ എത്തിക്സിനു (വൈദ്യശാസ്ത്ര സദാചാരത്തിന്) പുതിയ ചില മാനങ്ങൾ കൈവന്നുകൊണ്ടിരിക്കുകയാണ്.

മെഡിക്കൽ ടെക്നോളജി ഒരു മാർഗം മാത്രമാണ്. അതു് ഒരിക്കലും പാരൃന്തികലക്ഷ്യമല്ല. അതിന്റെ പ്രയോജനം ഒരു അതിർത്തിയോളമേ ഉള്ളൂ. അതിനപ്പുറം മെഡിക്കൽ ടെക്നോളജി നിഷ്ഫലം മാത്രമല്ല, ഉപദ്രവകരം കൂടിയാകുന്നു. ജീവനോടുള്ള ആദരമാണല്ലോ വൈദ്യശാസ്ത്ര സദാചാരത്തിലെ അടിസ്ഥാന മനോഭാവം. ജീവൻ മൂല്യവത്തായതിനാലാണ് അതു നിലനിറുത്താൻ ഇത്രയേറെ സാഹസപ്പെട്ടതു്. എന്നാൽ, ജീവന്റെ മറുവശമാണു മരണം. ജീവനെ ആദരിക്കുംപോലെ നാം ജീവന്റെ സ്വാഭാവിക പര്യവസാനമായ മരണത്തേയും ആദരിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ നന്മയ്ക്കു ജീവനോടുള്ള ആദരം എത്രമാത്രം ആവശ്യമോ, അത്രയും ആവശ്യമാണ് മരണത്തോടുള്ള ആദരവും. രോഗവും മരണവും എല്ലാ മനുഷ്യർക്കും ഉള്ളവയാണ്. ഒരു മനുഷ്യനും ഇവയ്ക്കു് അതീതനല്ല. അതിനാൽ രോഗത്തേയും മരണത്തേയും കലർപ്പററ തിന്മകളായി കണക്കാക്കേണ്ടതില്ല. അവയെ അങ്ങേയററം ഭയപ്പെടേണ്ടതുമില്ല.

ജീവിതം മൂല്യവത്താവുന്നതു് അതിൽനിന്നു വ്യക്തിക്കു സുഖവും സമൂഹത്തിനു പ്രയോജനവും ലഭിക്കുമ്പോഴാണ്. വ്യക്തിക്കു സുഖവും സമൂഹത്തിനു പ്രയോജനവും ലഭിക്കാത്ത ജീവിതം ടെക്നോളജി ഉപയോഗിച്ചു നീട്ടേണ്ടതില്ല. ഈ ലേഖനത്തിൽ വിവരിച്ച രണ്ടു് ഉദാഹരണങ്ങളിലും, വൈദ്യശുശ്രൂഷ രോഗികൾക്കു് ഒരു സുഖവും, സമൂഹത്തിനു് ഒരു പ്രയോജനവും, നൽകുകയുണ്ടായില്ല.

ഡോക്ടർമാർക്കിടയിൽ, അല്പമൊരു ദാർശനികച്ഛായയുള്ളവർ മാത്രമേ ഈ പ്രശ്നം ഇങ്ങനെ മൂർത്തമായി അവതരിപ്പിച്ചു തുടങ്ങിയിട്ടുള്ളൂ. ഭൂരിഭാഗം ഡോക്ടർമാരും ഇപ്പോഴും മെഡിക്കൽ ടെക്നോളജിയെ ഒരു മാർഗമായല്ലാതെ ലക്ഷ്യമായിത്തന്നെ കാണുന്നവരാണ്, എന്തു ചെയ്തും ജീവനെ ഒരു സെക്കന്റുകൂടി ശരീരത്തിൽ നിലനിറുത്താൻ കഴിഞ്ഞാൽ അതൊരു വലിയ കാര്യമായിരിക്കുമെന്നു് അവർ കരുതുന്നു.

ഈ രണ്ടുകൂട്ടരിലും പെടാത്ത മൂന്നാമതൊരു തരക്കാരുണ്ടു്—സ്വന്തം ആസ്പത്രിയിലെ ഇൻടെൻസീവ് കെയർ യൂണിററിൽ രോഗി ഒരു ദിവസം കൂടി കിടന്നാൽ, അയാളുടെ ബന്ധുക്കൾക്കു കൊടുക്കുന്ന ബില്ലിൽ എത്ര തുക വർദ്ധിപ്പിക്കാമെന്നു മാത്രം ചിന്തിക്കുന്നവർ. അവരെപ്പററി, പക്ഷേ, എന്തു പറയാനാണ്.

27 ജൂൺ, 1982

# 114. മരണത്തിനുള്ള മരുന്നുകുറിപ്പ്

കുറെ ദിവസങ്ങളായി നിങ്ങളുടെ ആരോഗ്യം അല്പം തകരാറിലാണ്. ദിനചര്യയൊക്കെ നടന്നുപോകുന്നുണ്ടു്. ആസ്പത്രിയിൽ കിടന്നു ചികിത്സയെടുക്കേണ്ട കാര്യമൊന്നുമില്ല. എന്നാലും, തക്ക സമയത്തു വിദഗ്ദ്ധ വൈദ്യോപദേശം നേടുകയാണു ബുദ്ധി. ഗവണ്മെൻറ് ആസ്പത്രിയിലെ

ഡോക്ടർ അടുത്തുതന്നെയാണു താമസിക്കുന്നതു്. കാലത്തും വൈകുന്നേരവും വീട്ടിൽവെച്ചു് അദ്ദേഹം രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നുണ്ടു്. വിദഗ്ദ്ധനാണു്, പരിചിതനുമാണു്. ഏതായാലും അദ്ദേഹത്തെ ഒന്നു കണ്ടുകളയാമെന്നു കരുതി നിങ്ങൾ ഒരു വൈകുന്നേരം അദ്ദേഹത്തിന്റെ വീട്ടിലേക്കു കയറിച്ചെല്ലുന്നു.

ഡോക്ടറുടെ പരിശോധനമുറിയുടെ മുൻവശത്തു് വലിയ ഒരു ഹാൾ ആണു്. ധാരാളം രോഗികൾ അവിടെ തങ്ങളുടെ ഊഴവും കാത്തു് ഇരിക്കുന്നുണ്ടു്. അവർക്കിടയിൽ നിങ്ങളും ചെന്നു് ഇരിപ്പുറപ്പിക്കുന്നു. കാർഡ്ബോർഡ്കൊണ്ടുണ്ടാക്കിയ 'ടോക്കൻ' ഒരു മേശപ്പുറത്തു് അടുക്കിവെച്ചിട്ടുണ്ടു്. അടുക്കിൽ ഏററവും മീതെയുള്ള ടോക്കൻ നിങ്ങൾ എടുക്കുന്നു. നിങ്ങളുടെ നമ്പർ പതിനേഴ് ആണു്. ആ നമ്പർ വിളിക്കുമ്പോൾ നിങ്ങൾക്കു് പരിശോധമുറിയിൽ കടന്നു് ഡോക്ടറെ കാണാം.

കാത്തിരിക്കുന്നതിനിടയിൽ നിങ്ങൾ ചുററും നോക്കുന്നു. ചുമരിൽ മനോഹരങ്ങളായ കുറെ കലണ്ടറുകളുണ്ടു്. എല്ലാം ഓരോ മരുന്നുകമ്പനിക്കാരുടേതാണു്, മാസം, തീയതി, ആഴ്ച എന്നിവ ആവശ്യംപോലെ മാററി പ്രദർശിപ്പിക്കാവുന്ന പ്ലാസ്റ്റിക്കൊണ്ടുള്ള കലണ്ടറുകളാണു് കുറെയെണ്ണം. 'ഡോക്ടർ അകത്തുണ്ടു്, ഇരിക്കുക' എന്നോ, 'ഡോക്ടർ പുറത്തു പോയിരിക്കുന്നു....മണിക്കു തിരിച്ചു വരും' എന്നോ, യുക്തംപോലെ കാണിക്കാവുന്ന ഒരുപകരണം നിങ്ങൾ പ്രത്യേകിച്ചു ശ്രദ്ധിക്കുന്നു. അതും ഒരു മരുന്നുകമ്പനിക്കാരുടെ വകയാണു്.

മോടിയിൽ വസ്ത്രധാരണം ചെയ്ത ഒരു യുവാവു് തടിച്ച ഒരു തുകൽസഞ്ചിയുമായി കടന്നുവരുന്നു ആൾ ഒരു മെഡിക്കൽ റെപ്രസന്റേററീവ് ആണെന്നു് പറയാതെതന്നെ ആർക്കും അറിയാം. അത്തരം ചുറുചുറുക്കുള്ള ചെറുപ്പക്കാരെ നിങ്ങൾ പലേടത്തുംവെച്ചു് ഇതിനു മുമ്പു കണ്ടിട്ടുണ്ടു്. കാത്തിരിക്കാൻ മെനക്കെടാതെ പരിശോധനമുറിയുടെ വാതില്ക്കൽ മുട്ടി. പതുക്കെ വാതിൽ അല്പമൊന്നു തുറന്നു് തല അകത്തേക്കു കാട്ടി ഡോക്ടറുടെ ക്ഷണം വാങ്ങി, അയാൾ അകത്തു കടന്നു വാതിലടയ്ക്കുന്നു. കുറെ കഴിഞ്ഞു് അയാൾ പുറത്തു വരുമ്പോൾ നിങ്ങൾ ചുമ്മാ സംശയിക്കുന്നു. അയാളുടെ തുകൽസ്സഞ്ചിയുടെ വണ്ണം ഇപ്പോൾ കുറെയധികം കുറഞ്ഞിട്ടുണ്ടോ?

കുറഞ്ഞിട്ടുണ്ടാവും. അതിലുണ്ടായിരുന്നതു് പുതിയ മരുന്നുകളുടെ സാമ്പിളുകളും, അവ സംബന്ധിച്ച അച്ചടിച്ച 'സാഹിത്യ'വും, ഡോക്ടർക്കു സംഭാവന ചെയ്യാൻ കമ്പനി കൊടുത്തയച്ച കൊച്ചു കൊച്ചു സമ്മാനങ്ങളുമാണു്. ഈ സമ്മാനങ്ങളിൽ പലതും ഡോക്ടറുടെ പരിശോധനമുറിയിൽ ഇനി നിങ്ങൾ കാണും. ഭംഗിയുള്ള പെൻഹോൾഡർ, അതിൽ പലതരം പേനകൾ, തിളങ്ങുന്ന പേപ്പർവെയ്ററ്, കടലാസ് മുറിക്കുന്ന പ്ലാസ്റ്റിക് കത്തി, മേശപ്പുറത്തു നിവർത്തിയിട്ട വൃത്തിയുള്ള പ്ലാസ്റ്റിക് ഷീററ്, വാഷ്ബേസിനു മുകളിൽ ടവൽ തൂക്കുന്നതിനുള്ള പ്ലാസ്റ്റിക് ഉപകരണം, രോഗികൾക്കു ചികിത്സാവിവരം കുറിച്ചുകൊടുക്കുന്നതിനുള്ള ഡോക്ടറുടെ പേരു് അച്ചടിച്ച കുറിപ്പുപുസ്തകം. അങ്ങനെ എത്രയോ തരം ലഘുസമ്മാനങ്ങൾ. എല്ലാററിലും ഓരോ മരുന്നുകമ്പനിയുടെ പേരു് വ്യക്തമായി രേഖപ്പെടുത്തിയിരിക്കും.

ഔഷധനിർമാണം ഒരു വൻകിട വ്യവസായമാണു്. ഈ വ്യവസായം വലിയ തോതിൽ ലാഭമുണ്ടാക്കുന്നു. ലാഭത്തിൽ പങ്കു പററണമെങ്കിൽ, പക്ഷേ, വിപുലമായ വിധത്തിൽത്തന്നെ വ്യവസായം നടത്തേണ്ടിയിരിക്കുന്നു. ഔഷധങ്ങൾ ഉണ്ടാക്കിയാൽ മാത്രം പോരാ. ആകർഷകമായവിധത്തിൽ അവ വിതരണം ചെയ്യുന്നതിനു് ഏർപ്പാടുണ്ടാക്കണം. ഗ്ലാസ്കൊണ്ടോ, പ്ലാസ്റ്റിക്കൊണ്ടോ നിർമിച്ച കുപ്പി, ഔഷധം അടക്കം

ചെയ്യാനുള്ള ഒരു പാത്രം മാത്രമായാൽ പോരാ,ആരും വാങ്ങാനും കൈവശം വെക്കാനും മോഹിക്കുന്ന ഒരു കലാവസ്തുകൂടി ആവണം. ദ്രവരൂപത്തിലും ഖരരൂപത്തിലും ബാഷ്പരൂപത്തിലുമുള്ള ഔഷധങ്ങൾ അതാതിനു പററിയ രൂപത്തിൽ ഈ കുപ്പികളിൽ അടക്കം ചെയ്യണം. മിനുത്തു തിളങ്ങുന്ന, മധുരവും വാസനയുമുള്ള ഗുളിക മിഠായിപോലെ വിഴുങ്ങാൻ കഴിയണം. ക്യാപ്സൂളിനും വേണം ഇതേ ഗുണങ്ങൾ. ദ്രവരൂപത്തിലുള്ള ഔഷധവും സ്വാദിഷ്ടമാവണം. ആവശ്യത്തിനു പററിയ മാത്രകൾ വെവ്വേറെ ഏകകങ്ങളായി ലഭ്യമാക്കണം. രോഗിക്ക് ഔഷധങ്ങൾ അളന്നു കഴിക്കാൻ സൗകര്യമുണ്ടായെന്നു വരില്ല. ഏതു സമയത്ത് എങ്ങനെ ഏതൗഷധം കഴിക്കണമെന്ന വിവരവും അതാതു് ഔഷധത്തിൽ രേഖപ്പെടുത്തിയിരിക്കണം.

ഔഷധനിർമാതാവു് എത്രയെത്ര കാര്യങ്ങളിൽ ശ്രദ്ധിക്കണം! അതോടൊപ്പം പുതിയ പുതിയ ഔഷധങ്ങൾ നിർമിച്ചുകൊണ്ടിരിക്കുകയും വേണം. ഇതിനായി വലിയ തോതിൽ ഗവേഷണം ഓരോ ഔഷധ നിർമാതാവും നടത്തേണ്ടിയിരിക്കുന്നു. ഗവേഷണത്തിനു് എത്രയോ അധികം മുതൽ മുടക്കണം. ഫലം ഉടനെ കിട്ടിയെന്നുവരില്ല. പലപ്പോഴും തീരെ കിട്ടിയില്ലെന്നുംവരാം.

നിർമിച്ച ഔഷധം ഉടനുടൻ ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ള ഓരോ നഗരത്തിലും ഗ്രാമത്തിലും ഓരോ ഡോക്ടറുടേയും, മരുന്നുവ്യാപാരിയുടെയും അറിവിൽപ്പെടുത്തണം. ഓരോ രോഗിയുടെയും കിടക്കയ്ക്കരികിൽ എത്തിക്കണം. അതിബൃഹത്തായ ഒരു സജീവ വിതരണശൃംഖല ഇതിനാവശ്യമാണു്.

ഔഷധനിർമാണത്തിന്റെ ആസൂത്രണം, നിർമാണം, വിതരണം എന്നീ ഘട്ടങ്ങളിലൂടെ വിജയകരമായി കടന്നുപോകാൻ ചെറുകിട കമ്പനികൾക്കു സാദ്ധ്യമല്ല എന്നു് ഇപ്പറഞ്ഞതിൽനിന്നു വ്യക്തമായിരിക്കുമല്ലോ. ബഹുരാഷ്ട്രക്കമ്പനികൾക്കേ ഈ രംഗത്തിൽ പിടിച്ചുനില്ക്കാൻ കഴിയുന്നുള്ളു. സ്വിററ്സർലൻഡിലെ സിബ–ഗൈഗി, പടിഞ്ഞാറൻ ജർമനിയിലെ ഹോയ്ക്സ്റ്റ്, അമേരിക്കയിലെ സ്ക്വിബ്, സിൻടെക്സ്, പാർക് ഡേവീസ്, ഡൗ, മെർക്ക്, ഏലിലില്ലി, അപ്ജോൺ, സ്മിത്ത് ക്ലെയ്ൻ ബെക്മാൻ മുതലായവ ഔഷധവ്യവസായത്തെ നിയന്ത്രിക്കുന്ന ബഹുരാഷ്ട്രക്കമ്പനികളിൽ ചിലവയാണു്. ഇന്ത്യയിലെ സാരാഭായിയും മററും ഈ സൂര്യന്മാരുടെ മുമ്പിൽ മിന്നാമിനുങ്ങുകൾ മാത്രം.

കമ്പനികൾ ഔഷധങ്ങൾ നിർമിച്ചു വില്ക്കുന്നതു് ലാഭമുണ്ടാക്കാനാണു്. ചിലർ ലാഭമുണ്ടാക്കാൻ ആയുധങ്ങളുണ്ടാക്കി വില്ക്കുന്നു; മററു ചിലർ ലാഭമുണ്ടാക്കാൻ മരുന്നുകളുണ്ടാക്കി വില്ക്കുന്നു. ഇരുകൂട്ടരുടേയും ഉദ്ദേശ്യം പരമാവധി ലാഭമുണ്ടാക്കലാണു്. മുതലാളിത്ത വ്യവസ്ഥയ്ക്കു കീഴിൽ എല്ലാ വ്യാപാരങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെ—ലാഭം. ലാഭമുണ്ടാക്കാനുള്ള പരക്കംപാച്ചിലിനും കഴുത്തറപ്പൻ മത്സരത്തിനുമിടയ്ക്കു് സത്യം, ധർമം, ദയ മുതലായ നൈതികമൂല്യങ്ങൾ ശ്രദ്ധിക്കാൻസമയം കിട്ടിയെന്നുവരില്ല. ഔഷധനിർമാണക്കമ്പനികളും പലപ്പോഴും ഇതൊന്നും ശ്രദ്ധിക്കുന്നില്ല എന്നു് ആക്ഷേപമുണ്ടു്.

ആധുനിക വൈദ്യശാസ്ത്രം ഉപയോഗപ്പെടുത്തുന്ന പല ഔഷധങ്ങളും ക്ഷിപ്രഫലപ്രദങ്ങളാണു്. അതേ സമയം അവ മനുഷ്യശരീരത്തിനു പലപ്പോഴും അപരിഹരണീയമായ കെടുതി വരുത്തുന്നുമുണ്ടു്. പല ഔഷധങ്ങളും വിഷങ്ങളാണു്. വിദഗ്ദ്ധനായ ഡോക്ടരുടെ സനിഷ്കർഷമായ മേൽനോട്ടത്തിൽ അത്യാവശ്യമുണ്ടെങ്കിൽ മാത്രമേ അവ ഉപയോഗിക്കാവൂ. ഈ വസ്തുത ഔഷധം അടക്കം ചെയ്ത പാത്രത്തിന്റെ പുറത്തു ചുവന്ന മഷിയിൽ അച്ചടിച്ചു വെക്കാറുണ്ടു്. യോഗ്യതയുള്ള ഡോക്ടരുടെ കുറിപ്പു കൊണ്ടുവരാത്ത ആൾക്കു് ഈ ഔഷധങ്ങൾ വിററുകൂടാ എന്നും നിയമമുണ്ടു്.

ഈ വിഷൗഷധങ്ങളിൽ പലതിൻെറയും ദൂഷ്ഫലങ്ങൾ ഉടൻ പ്രകടമാണ്. അതിപ്രചാരമുള്ള പെനിസിലിൻതന്നെ പല രോഗികളുടെയും മരണത്തിനു കാരണമാവാറുണ്ടല്ലോ. ചില ഔഷധങ്ങളുടെ ദൂഷ്ഫലം കാണുക കുറച്ചു കാലം കഴിഞ്ഞിട്ടാണ്. ഗർഭിണികൾക്ക് ഉണ്ടാകാറുള്ള മനംപുരട്ടൽ ഒഴിവാക്കാൻ കൊടുത്ത താലിഡോമെയ്ഡ് എന്ന മരുന്ന് ഭ്രൂണാവസ്ഥയിലുള്ള ശിശുക്കളുടെ കൈകാലുകൾ മരടിപ്പിച്ചുകളയുമെന്ന വസ്തുത വെളിപ്പെട്ടതു് അവർ പിറന്നപ്പോഴാണല്ലോ. ഇത്തരം ദൂഷ്ഫലങ്ങൾക്ക വൈദ്യശാസ്ത്രജ്ഞന്മാർ നൽകിയ സൗമ്യനാമമാണ് 'സൈഡ് ഇഫക്ട്' (പാർശ്വഫലം) എന്നതു്.

ഔഷധങ്ങളുടെ പാർശ്വഫലങ്ങൾ, സാധാരണ രീതിയിൽ ഔഷധം മാർക്കററിലിറക്കും മുമ്പുതന്നെ ഗവേഷണം ചെയ്തു തിട്ടപ്പെടുത്തിയിരിക്കും. ഔഷധത്തെപ്പററി വിവരിക്കുന്ന രേഖകളിൽ ഈ ദൂഷ്ഫലങ്ങളെപ്പററിയുള്ള താക്കീതുകൾ ഉൾക്കൊള്ളിക്കണമെന്നും നിയമമുണ്ട്. പക്ഷേ, പരിഷ്കൃത രാജ്യങ്ങളിൽത്തന്നെ ഈ നിയമം പൂർണമായി പാലിക്കപ്പെടാറില്ല. ദരിദ്ര രാജ്യങ്ങളിലെ സ്ഥിതി പറയാനുമില്ല. പരിഷ്കൃതരാജ്യങ്ങളിൽ നിരോധിക്കപ്പെട്ട ഔഷധങ്ങൾപോലും ദരിദ്രരാജ്യങ്ങളിൽ വ്യാപകമായ തോതിൽ വില്ക്കപ്പെടുന്നുണ്ട്. വലിയ കമ്പനികളും ചെറിയ കമ്പനികളും വ്യാപാരികളും ഡോക്ടർമാരും എല്ലാം ഇക്കാര്യത്തിൽ ഒരുപോലെ കുററക്കാരാണ്.

അമേരിക്കയിൽ കാലിഫോർണിയ യൂണിവേഴ്സിററിയുടെ സാൻഫ്രാൻസിസ്കോ കാമ്പസ്സിൽ ഫാർമക്കോളജിസ്റ്റ് (ഔഷധനിർമാണ വിജ്ഞാനി) ആയ മിൽട്ടൺ സിൽവർമാൻ, അദ്ദേഹത്തിൻെറ പത്നി മിയ ലൈ ഡെക്കർ, ഡോക്ടർ ഫിലിപ്പ് ലീ എന്നിവർ ചേർന്നു് വലിയ ഔഷധക്കമ്പനികൾ ദരിദ്രരാജ്യങ്ങളിൽ നടത്തുന്ന ഔഷധപ്രചാരണം, ഔഷധവില്പന, ഔഷധങ്ങളുടെ ഉപയോഗവും ദുരുപയോഗവും എന്നിവയെപ്പററി എട്ടു വർഷം ഗവേഷണം നടത്തി. ഈ ഗവേഷണത്തിൻെറ ഫലങ്ങൾ 'മരണത്തിനുള്ള മരുന്നുകുറിപ്പ്' (പ്രിസ്ക്രിപ്ഷൻസ് ഫോർ ഡെത്ത്) എന്ന പേരിൽ ഈയിടെ പ്രസിദ്ധീകരിച്ച 172 പേജുള്ള ഒരു പുസ്തകത്തിൽ അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ സർക്കാരുകളും ഡോക്ടർമാരും പൊതുജനങ്ങളും ഈ പ്രസിദ്ധീകരണം ശ്രദ്ധിച്ചു പഠിക്കേണ്ടതാണ്.

ക്ലോറംഫെനിക്കോൾ എന്ന ആൻറിബയോട്ടിക്ക് ഔഷധം ഫിലിപ്പൈൻസിൽ ഫ്ളൂമുതൽ പല രോഗങ്ങൾക്കും കൊടുക്കാറുണ്ട്. മരണകരമായ ഒരു തരം രക്തക്കുറവ് (അനീമിയ) ഈ ഔഷധം ഉപയോഗിക്കുന്നതു മൂലം ഉണ്ടാകാമെന്ന വിവരം രോഗികളോടു പറയാറില്ല.

വയറിളക്കത്തിനു പ്രതിവിധിയായി കൊടുത്തിരുന്ന ക്ലിയോക്വിനോൾ എന്ന ഔഷധം വയറുവേദന, മസ്തിഷ്കരോഗം, അന്ധത എന്നിവ ഉളവാക്കിയേക്കാമെന്ന കാരണത്താൽ അമേരിക്കയിലും ജപ്പാനിലും നിരോധിച്ചിട്ടുണ്ട്. ഈ മരുന്ന് ഇൻഡോനേഷ്യയിൽ വഴിവാണിഭക്കാർ കൂടി വിററുവരുന്നു.

രക്തക്ഷയത്തിന് കെനിയയിൽ കൊടുത്തുവരുന്ന സ്റ്റിറോയ്ഡ് ഹോർമോണുകൾ സ്ത്രീകൾക്ക താടിമീശയും കഷണ്ടിയും ഉളവാക്കാൻ പര്യാപ്തമാണ്.

ടെട്രാസൈക്ലിൻ എന്ന ആൻറിബയോട്ടിക് കുട്ടികളുടെ പല്ല് കേടു വരുത്തും. പക്ഷേ, ദരിദ്രരാജ്യങ്ങളിൽ ഈ ഔഷധം വ്യാപകമായി ഉപയോഗിച്ചുവരുന്നു.

ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവ.

പുതിയ ഔഷധങ്ങളെപ്പററി ദരിദ്രരാജ്യങ്ങളിലെ ഡോക്ടർമാർ അറി

യുന്നതു് ഔഷധനിർമാതാക്കളുടെ ലഘുലേഖകളിൽനിന്നാണ്. ഈ മരുന്നു കളുടെ ദോഷം വിസ്തരിച്ചു വിവരിക്കുന്ന ശാസ്ത്രീയ പ്രസിദ്ധീകരണങ്ങൾ ഈ ഡോക്ടർമാർ കാണാറില്ല; കണ്ടാലും വായിക്കാറുമില്ല. അവർക്കു് അതിനു സമയമെവിടെ? മണിക്കൂറിൽ നൂറും ഇരുനൂറും രോഗികളെ പരി ശോധിക്കേണ്ട ഗതികേടാണ് അവർക്കു്. ഔഷധങ്ങളുടെ ഫലപ്രദത്വത്തെ സംബന്ധിച്ചിടത്തോളം അവർ ഔഷധനിർമാതാക്കളുടെ ലഘുലേഖകൾ മാത്രം വിശ്വസിച്ചാൽ, അതിനവരെ കുററം പറയാമോ?

പരസ്യകലയിൽ സമർത്ഥരാണ് ഔഷധനിർമാതാക്കൾ. മുമ്പു പറ ഞ്ഞ ക്ലിയോകിനോൾ എന്ന മരുന്നു് ഇൻഡോനേഷ്യയിൽ ടെലിവിഷ നിലൂടെയാണു പ്രചരിപ്പിച്ചതു്. ഒടുവിൽ, കഴിഞ്ഞ ആണ്ടിൽ, ടെലി വിഷനിലൂടെ ഔഷധങ്ങൾ പരസ്യപ്പെടുത്തുന്നതു് ഇൻഡോനേഷ്യൻ സർക്കാർ നിരോധിക്കുകയുണ്ടായി.

ഡോക്ടർമാർക്കു് മരുന്നുകമ്പനിക്കാർ നൽകുന്ന കൊച്ചുസമ്മാനങ്ങ ളെപ്പററി പറഞ്ഞുവല്ലോ. സാമ്പിൾ ആയി കിട്ടുന്ന ഔഷധങ്ങൾ പല ഡോക്ടർമാരും വിററു കാശാക്കാറുണ്ടെന്നതു പരസ്യമായ ഒരു രഹസ്യമാ ണ്. ചില മരുന്നുകൾ പ്രചരിപ്പിക്കാൻ, ഔഷധക്കമ്പനിക്കാർ താക്കോൽ സ്ഥാനത്തിരിക്കുന്ന ചില ഡോക്ടർമാർക്കു് കാറുകളും അവരുടെ കുട്ടികൾ ക്കു് സൗജന്യമായ സർവകലാശാലാ വിദ്യാഭ്യാസവും നൽകുകയുണ്ടായെ ന്നു് 'മരണത്തിനുള്ള മരുന്നുകുറിപ്പിൽ' ആരോപിച്ചിരിക്കുന്നു. സിബ എന്ന കമ്പനി ഫിലിപ്പൈൻസിലെ ഡോക്ടർമാർക്കു കൊടുത്തിരുന്ന സമ്മാനങ്ങളിൽ ആഭാസസിനിമകളും വേശ്യകളും ഉൾപ്പെട്ടിരുന്നുവത്രേ. ദരിദ്രരാജ്യങ്ങളിൽ വില്ക്കുന്ന വിഷൗഷധങ്ങളുടെ ലേബലിൽ ചുവന്ന അക്ഷ രത്തിൽ താക്കീതുകൾ ചില കമ്പനികൾ അച്ചടിച്ചു ചേർക്കാറില്ല. ഇക്കാ ര്യത്തിൽ പണക്കാർക്കൊരു നയം, പാവങ്ങൾക്കു മറെറാരു നയം എന്നി താണ് പ്രശസ്തരായ പല അന്താരാഷ്ട്രീയ ഔഷധനിർമാതാക്കളുടേയും നിലപാട്.

ഇക്കഴിഞ്ഞ ജൂൺമാസത്തിൽ അമേരിക്കയിലെ വാഷിങ്ടണിൽ ചേർന്ന ഔഷധനിർമാതാക്കളുടെ അന്താരാഷ്ട്രീയ ഫെഡറേഷന്റെ (ഐ. എഫ്. പി. എം. എ.) യോഗം 'മരണത്തിനുള്ള മരുന്നുകുറിപ്പി'ലെ പല ആരോപണങ്ങളെയും നിഷേധിച്ചു. ദരിദ്രരാജ്യങ്ങളിൽ മരുന്നു വില്ക്കാൻ തങ്ങൾ പെടുന്ന പാട് അവർ എടുത്തുകാട്ടുകയും ചെയ്തു. ദൂരഗ്രാമങ്ങളിൽ രോഗികൾക്കു മരുന്നു് എത്തിക്കാനുള്ള പ്രയാസം, വാക്സീനുകളും മററും കേടുവരാതെ തണുപ്പിച്ചുവെക്കാനുള്ള സംവിധാനങ്ങളുടെ അഭാവം, മരുന്നു പ്രയോഗിക്കേണ്ട ക്രമം, നിരക്ഷരരായ രോഗികളെ പറഞ്ഞു മനസ്സിലാക്കുന്ന തിനുള്ള വിഷമം മുതലായവ അവർ ഉയർത്തിക്കാട്ടി. മരുന്നുവില്പന സംബന്ധിച്ച നിയമങ്ങൾ ദരിദ്രരാജ്യങ്ങളിൽ പലപ്പോഴും പാലിക്കപ്പെടു ന്നില്ല; താക്കീതുകൾ അവർ വകവെക്കാറുമില്ല. അതാതു പ്രദേശത്തെ മരുന്നുവില്പനക്കാർ, ഔഷധങ്ങളുടെ ദൂഷ്ഫലങ്ങൾ പൂഴ്ത്തിവെച്ച് ഗുണ ങ്ങൾ മാത്രം എടുത്തുപറയുന്ന ലഘുലേഖകൾ അച്ചടിച്ചിറക്കുന്നു. അമേരി ക്കയിലും മററും നിരോധിച്ച മരുന്നുകൾ സ്വന്തം രാജ്യങ്ങളിൽ ഇഷ്ടംപോ ലെ വിററുകൊള്ളാൻ കമ്പനികളെ ദരിദ്രരാജ്യങ്ങളിലെ സർക്കാരുകൾ അനുവദിക്കുന്നു. ഡോക്ടറുടെ കുറിപ്പു കൊണ്ടുവരാത്തവർക്കും ദരിദ്രരാജ്യ ങ്ങളിലെ മരുന്നുവില്പനക്കാർ മരുന്നു വില്ക്കുന്നു. ആപല്ക്കരങ്ങളായ ഔഷധ ങ്ങൾപോലും വഴിവക്കിൽ വില്ക്കപ്പെടുന്നു. ആശുപത്രികളിലേക്കുവേണ്ടി സർക്കാർ വാങ്ങുന്ന ഔഷധങ്ങളിൽ വലിയ ഒരു പങ്ക് കരിഞ്ചന്തയിലേക്കു പോകുന്നു. ഇതിനൊക്കെ ഔഷധനിർമാതാക്കളോ ഉത്തരവാദികളാകേണ്ട തോ എന്നാണ് അവരുടെ ചോദ്യം.

ഉത്തരം എന്തായാലും, കെടുതി രോഗികൾക്കുതന്നെ. അതിനാൽ,

ഏതെങ്കിലും മരുന്ന് ഉപയോഗിക്കുംമുമ്പ്, അതിൽനിന്നുണ്ടാകാവുന്ന ദുഷ്ഫലങ്ങളെപ്പററി അന്വേഷിക്കേണ്ട ഉത്തരവാദിത്തവും അവരിൽത്തന്നെ വന്നുകൂടുന്നു.

വായിക്കാൻ അറിയാവുന്ന രോഗികളേ, കുപ്പിയിലൊട്ടിച്ച ലേബൽ വായിച്ചു നോക്കുക; ഡോക്ടറോടു ചോദിച്ചു സംശയം തീർക്കുകയും ചെയ്യുക. എന്നിട്ടു മാത്രം മരുന്നു കഴിക്കുക.

വായിക്കാൻ കഴിയാത്ത രോഗികളോട്, ഔഷധങ്ങളുടെ രോഗശമനശക്തിയെപ്പററി മാത്രമല്ല, അവയിൽ അടങ്ങിയ ആപത്തുകളെക്കുറിച്ചു കൂടി, വിശദമായി പറഞ്ഞുകൊടുക്കാൻ; വായിക്കാൻ കഴിവുള്ളവർ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു.

# 115. കസ്തൂരി

'നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലൻെറ ലലാടം തന്നിൽ
പേറു പുരണ്ടതു കണ്ടാലതു വില
വേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോഠം.'

അതു കുഞ്ചൻനമ്പ്യാരുടെ കാലത്ത്. ഇപ്പോഠം നേപാള മഹാരാജാവിൻെറ നെററിയിൽ കസ്തൂരിക്കുറി കണ്ടാൽ അതു ചാന്തോ ചായമോ ചളിയോ ആയിരിക്കാമെന്നല്ലാതെ കസ്തൂരിയാണെന്ന് 'ഒരു മനുജന്മാർക്കും തോന്നുകയില്ല വിചാരിക്കുമ്പോഠം.' കാരണം, കസ്തൂരി അത്ര ദുർലഭമായ ഒരു സാധനമായിക്കഴിഞ്ഞിരിക്കുന്നു.

ഹിമാലയസാനുക്കളിൽ ജീവിക്കുന്ന കൊമ്പില്ലാത്ത ഒരുതരം ചെറിയ മാനാണ് കസ്തൂരിമൃഗം. ആൺകസ്തൂരിമാനിൻെറ ശരീരത്തിലുള്ള ഒരു ഗ്രന്ഥിയിൽ ഊറിക്കൂടുന്നതും കറുപ്പോ ചുവപ്പു കലർന്ന ഇളം തവിട്ടോ നിറമുള്ളതുമായ ഒരു ജൈവവസ്തുവാണ് കസ്തൂരി. മദികാലത്ത് പേടകളെ ആകർഷിക്കാനായി കലമാനിന് ഇതിൻെറ ഗന്ധം ഉപയോഗപ്പെടുന്നു. ഈ ലൈംഗികബന്ധംകൊണ്ടാവണം, കസ്തൂരിമാനിൻെറ വൃഷണത്തിലാണ് കസ്തൂരിയുണ്ടാവുന്നതു് എന്നു പണ്ടുള്ളവർ വിശ്വസിച്ചിരുന്നു. കസ്തൂരി എന്ന അർത്ഥത്തിൽ ഇംഗ്ലീഷിലുള്ള 'മസ്ക്' എന്ന പദം ഉത്ഭവിച്ചതു് ഈ വിശ്വാസത്തിൽനിന്നാണ്. 'മുഷ്കം' എന്നാൽ സംസ്കൃതത്തിൽ വൃഷണം എന്ന് അർത്ഥം. സംസ്കൃതത്തിലെ മുഷ്കംതന്നെ ഇംഗ്ലീഷിലെ മസ്ക്. തന്നിൽനിന്നു പുറപ്പെടുന്ന സുഗന്ധം എവിടെനിന്ന് ഉണ്ടാവുന്നതാണെന്നറിയാതെ, അതും തിരഞ്ഞാണ് കസ്തൂരിമാൻ പുളപ്പുകാലത്ത് ഓടിപ്പാഞ്ഞു നടക്കുന്നതെന്നു കരുതപ്പെട്ടിരുന്നു. ആനന്ദം സ്വന്തം ആത്മാവിൽ സ്ഥിതിചെയ്കേ, അതു തേടി ലോകമെങ്ങും അലയുന്ന ഭോഗതത്പരരായ മനുഷ്യരെ മുൻപറഞ്ഞ നിലയിലുള്ള കസ്തൂരിമാനിനോട് ഉപമിക്കുക ഭക്തകവികളുടെ ഒരു പ്രസിദ്ധ കാവ്യസങ്കേതമായിരുന്നു.

അംഗരാഗങ്ങളിൽ ചേർക്കുന്നതിനുള്ള സുഗന്ധവസ്തുവായി മാത്രമല്ല കസ്തൂരി ഉപകരിച്ചിരുന്നതു്. വിശിഷ്ടമായ ഒരു ഔഷധമെന്ന നിലയിലും അതു പ്രചുരപ്രചാരം ആർജിച്ചിരുന്നു. തൊണ്ടയിലെയും നെഞ്ചി